(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, മീനാട്, ചേർത്തല എന്നീ പദ്ധതികളുടെ ട്രീറ്റ്മെന്റ് പ്ളാന്റുകൾ ഈ വർഷം തന്നെ പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ വർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന മറ്റു വാട്ടർ ട്രീറ്റ്മെന്റുകളുടെ വിശദാംശം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം ട്രീറ്റ്മെന്റ് പ്ളാന്റ് ഭാഗികമായി കമ്മീഷൻ ചെയ്തു. മീനാട് പദ്ധതി, ചേർത്തല പദ്ധതി എന്നിവയിൽ ഉൾപ്പെട്ട ട്രീറ്റ്മെന്റ് പ്ളാന്റുകൾ നടപ്പുവർഷം തന്നെ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ വർഷം നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കുന്ന മറ്റു വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റുകളുടെ വിശദാംശം അനുബന്ധം-III ആയി ചേർക്കുന്നു.*

ജല ഗുണനിലവാര പരിശോധന ഇൻസ്റ്റിറ്റ്യൂട്ടുകൾ

138 (5028) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് ശുദ്ധജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന "ജല ഗുണനിലവാര പരിശോധനാ ഇൻസ്റ്റിറ്റ്യൂട്ടുകൾ" പ്രവർത്തിക്കുന്നത് ;

(ബി) ഈ വർഷം പുതുതായി എവിടെയൊക്കെ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കാൻ എല്ലാ ജില്ലകളിലും ഇപ്പോൾ സൗകര്യമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനായി കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ആലുവയിലെ ജലഗുണനിലവാര പരിശോധനാ ഇൻസ്റ്റിറ്റ്യൂട്ട് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പതിനാല് ജില്ലകളിലും ഓരോ ജില്ലാതല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ലാബുകളും ആലുവായിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഓരോ ജില്ലാതല ലാബിനോടും സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനോടും ചേർന്ന് ഓരോ സബ് ഡിവിഷൻ ലാബുകളും താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഈ വർഷം പുതുതായി തൊടുപുഴയിലും കുട്ടനാട്ടിലും ഓരോ സബ് ഡിവിഷൻ ലാബുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് കേന്ദ്രമാക്കി സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നടത്തി വാട്ടർ കാർഡ് നൽകുവാനായി ഒരു മൊബൈൽ ലാബ് സംവിധാനം വാട്ടർ അതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) 19.15 ലക്ഷം രൂപ ചെലവിൽ ഒരു വാട്ടർ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇപ്പോഴുള്ള ലാബിനുവേണ്ടി പുതിയ കെട്ടിടങ്ങൾ പി.വി.സി. പൈപ്പ് ടെസ്റ്റിംഗ് ലാബ് എന്നിവയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്.

ജല ഗുണനിലവാര ലബോറട്ടറികൾ

139 (5029) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഡ്രിങ്കിംഗ് പ്രോഗ്രാം പ്രകാരം എല്ലാ ജില്ലകളിലും സബ്ഡിവിഷൻതലത്തിലുള്ള പുതിയ ജലഗുണനിലവാര ലബോറട്ടറികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ശുദ്ധജല ഗുനിലവാരത്തെക്കുറിച്ച് ബോധവൽക്കരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ആലുവയിൽ പ്രവർത്തനമാരംഭിച്ച സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അപ്ഗ്രഡേഷനു വേണ്ടിയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ഡി) ഇവിടെ ജലഗുണ പരിശോധനയ്ക്ക് പുറമേ എന്തെല്ലാം പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly